(സി) 2012-13 മുതലുള്ള പദ്ധതി വിഹിതത്തിന്റെ വിനിയോഗം സംബന്ധിച്ച വിശദാംശം താഴെ പറയുന്നു:

(രൂപ കോടിയിൽ)

വർഷം	പദ്ധതി അടങ്കൽ	ചെലവ്	ചെവല് ശതമാനം
2012-13	14010	14736.92	105.19
2013-14	17000	14901.29	87.65
2014-15	20000	15567.26	77.84
2015-16 (ജനുവരി 31 വരെ)	20000	9605.74	48

പഞ്ചായത്തുകളിൽ സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ജീവനക്കാരെ നിയമിക്കാൻ നടപടി

44 (2872) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം ശമ്പള കമ്മീഷൻ ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ ജീവനക്കാരുടെ ശമ്പളം നിശ്ചയിക്കുന്നതിന് വിദ്യാഭ്യാസയോഗ്യത അടിസ്ഥാനമാക്കിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവരുടെ ശമ്പളം യോഗ്യതാടിസ്ഥാനത്തിൽ ഉയർത്തുമോയെന്ന് വ്യക്തമാക്കുമോ;

(ബി) ത്രിതല പഞ്ചായത്തുകളുടെ പദ്ധതി പ്രവർത്തനങ്ങൾ ഇവാല്യൂവേഷനും മോണിട്ടറിംഗും നടത്തുന്നതിന് 2007-ൽ നിയമിച്ച പ്രൊഫ എം. എ. ഉമ്മൻ നൽകിയ ശുപാർശ പരിഗണിച്ച് പഞ്ചായത്തുകളിൽ സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ജീവനക്കാരെ നിയമിക്കുമോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) പത്താം ശമ്പള കമ്മീഷൻ 21-1-2016 തീയതിയായി ജി. ഒ. (പി.) നമ്പർ 10/2016/ധന. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ അനോമലികൾ ഉണ്ടെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്നപക്ഷം പരിഹരിക്കുന്നതാണ്.

(ബി) ത്രിതല പഞ്ചായത്തുകളുടെ പദ്ധതി പ്രവർത്തനങ്ങൾ ഇവാല്യൂഷനും മോണിട്ടറിംഗും നടത്തുന്നതിന് 2007-ൽ നിയമിച്ച പ്രൊഫ. എം. എ. ഉമ്മൻ കമ്മിറ്റി നൽകിയ ശിപാർശയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തുകളിൽ സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ജീവനക്കാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട റിപ്പോർട്ട് 12-2-2016-ൽ സർക്കാരിന് ലഭിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച് ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly